# കൊച്ചിൻ റിഫൈനറിയും തിരുവാണിയൂർ സ്റ്റെല്ല മേരീസും ചാമ്പ്യൻമാർ



ജില്ലാ സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യൻമാരായ തിരുവാണിയൂർ സ്റ്റെല്ല മേരീസ് സ്കൂൾ

**കോലഞ്ചേരി**

സെന്റ് പീറ്റേഴ്സ് കോളേജ് മൈതാനിയിൽ നടന്ന ജില്ലാ സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ആൺകുട്ടികളുടെ വിഭാഗത്തിൽ തിരുവാണിയൂർ സ്റ്റെല്ല മേരീസ് സ്കൂളിനെ പരാജയപ്പെടുത്തി കൊച്ചിൻ റിഫൈനറി സ്കൂൾ ചാമ്പ്യൻമാരായി. പെൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബിനെ പരാജയപ്പെടുത്തി തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ് ചാമ്പ്യൻമാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ കൊച്ചിൻ റിഫൈനറിയുടെ ഇഷാനെയും പെൺകുട്ടികളുടെ വിഭാഗത്തിൽ തിരുവാണിയൂർ സ്റ്റെല്ല മേരീസിലെ ശ്രീപാർവതിയെയും മികച്ച താരമായി തെരഞ്ഞെടുത്തു. ത്രോബോൾ ദേശീയ താരം സാംസൺ സജി, മുൻ ദേശീയ ബേസ് ബോൾ താരം മേരി ധന്യ എന്നിവർ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. ബേസ് ബോൾ അസോസിയേഷൻ സെക്രട്ടറി കെ എൻ നിബിൻ സംസാരിച്ചു.

# ജില്ലാ സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ് 21ന്

**മട്ടാഞ്ചേരി**

ജില്ലാ സബ് ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ബേസ്ബോൾ ചാമ്പ്യൻഷിപ് 21ന് ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ നടക്കും. കണ്ണൂരിൽ നടക്കുന്ന സംസ്ഥാന മത്സരത്തിലേക്കുള്ള ജില്ലാ ടീമിനെ ഇതിൽ നിന്ന് തെരഞ്ഞെടുക്കും. പങ്കെടുക്കുന്ന ടീമുകൾ 18നുമുമ്പ് ക്ലബ്ബുകളുടെയും കളിക്കാരുടെയും പേരുവിവരങ്ങൾ www.baseballkerala.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ അസോസിയേഷൻ സെക്രട്ടറി കെ എൻ നിബിൻ അറിയിച്ചു. വിവരങ്ങൾക്ക്: 96339 83798.